

● മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യത്തിനു മുന്നോടിയായി ക്ഷേത്രത്തിലെ അലങ്കാര ഗോപുരത്തിന്റെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

മണ്ണാറശാല ആയില്യം: ഒരുക്കങ്ങൾ അവസാന ഘട്ടത്തിലേക്ക്

ഹരിപ്പാട്: മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ പ്രസിദ്ധമായ ആയില്യം മഹോത്സവത്തോടനുബന്ധിച്ചുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു. 30 ന് പുണർതം മുതൽ രണ്ടിന് ആയില്യം വരെയാണ് ക്ഷേത്രത്തിലെ മഹോത്സവം നടക്കുന്നത്. ആയില്യത്തിനു മുന്നോടിയായുള്ള കാവിൽ പൂജകൾ ഇന്നലെ ആരംഭിച്ചു.

ഉത്സവദിനങ്ങളിൽ ക്ഷേത്രത്തിലെത്തുന്ന ഭക്തർക്ക് വെയിലോ മഴയോ ഏൽക്കാതെ കൂടു നിൽക്കാൻ ആവശ്യമായ പന്തൽ ക്ഷേത്രത്തിനു തെക്കുഭാഗത്ത് സ്ഥാപിച്ചു. കൂടാതെ സ്റ്റേജ്, അതിനോടനുബന്ധിച്ചുള്ള ഓഡിറ്റോറിയം, അലങ്കരിക്കാർ, ക്ഷേത്രത്തിന്റെ കിഴക്കേ ഭാഗത്തായി സ്ഥാപിക്കാനുള്ള അലങ്കാരം ഗോപുരം എന്നിവയുടെ പണി പൂർത്തിയാകുന്നു. ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി ക്ഷേത്രം മുതൽ മണ്ണാറശാല വരെ റോഡിന് ഇരുവശവും നഗരസഭയുടെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. ഉത്സവത്തിനോടനുബന്ധിച്ച് ക്ഷേത്രപരിസരത്ത് പുതിയതായി നിരവധി കടകളും സ്ഥാപനങ്ങളും എത്തിയിട്ടുണ്ട്. ഇവയുടെയും നിർമാണങ്ങൾ പൂർത്തീകരിച്ചു വരികയാണ്.

കാവിൽ പൂജകൾ ആരംഭിച്ചു

ഹരിപ്പാട്: മണ്ണാറശാല നാഗരാജ ക്ഷേത്രത്തിലെ ആയില്യത്തിനു മുന്നോടിയായുള്ള കാവിൽ പൂജകൾ ആരംഭിച്ചു. ക്ഷേത്രത്തിന് വടക്കുഭാഗത്തെ നാഗയക്ഷിക്കാവിലാണ് ഇന്നലെ പൂജകൾ നടന്നത്. ഈ കാവിലെ പൂജകൾ പൂർത്തിയാക്കിയാൽ തുടർന്ന് ആലക്കോട്ട് കാവിലും എരിങ്ങാടപ്പള്ളിക്കാവിലും പൂജകൾ നടക്കും. പുണർതം നാളിൽ കാവിൽ പൂജകൾ പൂർത്തിയാകും.



● ആയില്യ മഹോത്സവത്തിനു മുന്നോടിയായി മണ്ണാറശാല നാഗയക്ഷിക്കാവിൽ നടന്ന കാവിൽ പൂജ.

ടാലൻഡ് കിഡ്ഷോ 31 ന് ആലപ്പുഴയിൽ

ആലപ്പുഴ: കൃഷ്ണ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ് കുട്ടികൾക്കായി നടത്തുന്ന 27-ാമത് ടാലൻഡ് കിഡ്ഷോ 31ന് ആലപ്പുഴ വൈ.എം.സി.എയിൽ നടക്കും. രാവിലെ 9.15ന് ജില്ലകലക്ടർ ഷാജി വി. നായർ ഉദ്ഘാടനം നിർവഹിക്കും. വൈകിട്ട് ഏഴിന് സമാപനസമ്മേളനത്തിൽ ആലപ്പുഴ നഗരസഭ ചെയർപഴ്സൺ മോളി ജേക്കബ് മുഖ്യാതിഥിയായിരിക്കും. മുൻ എം.പി. അഡ്വ. എ.എം. ആരിഫ്, ഡോ. ബി. പദ്മകുമാർ എന്നിവർ സമ്മാനദാനം നിർവഹിക്കും. സിനിമ-സീരിയൽ രംഗത്തുള്ളവരും പങ്കെടുക്കും. യൂണിവേഴ്സൽ റിക്കോർഡ് ഫോറത്തിന്റെ ഇന്ത്യയിലെ നാല് വയസ് മുതൽ 10 വയസ് വരെയുള്ള കുട്ടികൾക്കായി തുടർച്ചയായി നടത്തുന്ന ടാലന്റ് റിയാലിറ്റി ഷോയാണ്. എൽ.കെ.ജി മുതൽ നാലാം ക്ലാസുവരെയുള്ള കുട്ടികളെ മൂന്ന് വിഭാഗങ്ങളായി തിരിച്ചാണ് മത്സരം. വിജയികൾക്കും പങ്കെടുക്കുന്നവർക്കും സമ്മാനമുണ്ടാകും. താൽപര്യമുള്ളവർ വിളിക്കുക. ഫോൺ: 9447134462. പത്രസമ്മേളനത്തിൽ കെ. ആനന്ദ് ബാബു, പി. ശശികുമാർ, ശിവകുമാർ ജഗ്ഗു, സാംസൺ പി. സാമുവൽ എന്നിവർ പങ്കെടുത്തു.

ഗുരുവിനെ ഹിന്ദുത്വവുമായി കൂട്ടിക്കെട്ടാൻ ശ്രമിച്ചാൽ എതിർക്കും: എം.വി. ഗോവിന്ദൻ

ആലപ്പുഴ: ശ്രീനാരായണഗുരുവിന്റെ പേരുപറഞ്ഞ് ഹിന്ദുത്വത്തെ കൂട്ടിക്കെട്ടാൻ ശ്രമിച്ചാൽ എതിർക്കുമെന്ന് സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ. പുന്നപ്ര-വയലാർ വാരാചരണത്തിന്റെ ഭാഗമായി മാരാരിക്കുളം രക്തസാക്ഷി അനുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശ്രീനാരായണഗുരുവിന്റെ പേരും അദ്ദേഹത്തിന്റെ ദാർശനിക നിലപാടുകളും ഹിന്ദുത്വത്തിന് എതിരാണ്. എന്നിട്ടും ആ ആശയത്തെ ഹിന്ദുത്വത്തിനൊപ്പം ചേർക്കാൻ ശ്രമിക്കുന്നു. നവോത്ഥാന പ്രസ്ഥാനങ്ങളും പഴയ എസ്.എൻ.ഡി.പി നിലപാട് സ്വീകരിക്കുന്നവരും അത് അംഗീകരിക്കില്ല. എസ്.എൻ.ഡി.പിയുടെ ഭാഗമായിനിന്ന് ശ്രീനാരായണഗുരുവിന്റെ ദാർശനിക കാഴ്ചപ്പാടും വ്യതിചലിപ്പിക്കാൻ ശ്രമിച്ചാൽ അതിനെ വിമർശനാത്മകമായി ചൂണ്ടിക്കാട്ടും. അതിനുള്ള അവകാശം കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾക്കുണ്ട്. തന്നെയും പി. ജയരാജനെയും ചേർത്തുകൊണ്ട് തങ്ങൾ തെറ്റായ ചരിത്രം പ്രചരിപ്പിക്കുന്നതായി ചിലർ പറയുന്നുണ്ട്. എന്നാൽ താൻ ഈ പറയുന്നതാണ് ചരിത്രമെന്നും അദ്ദേഹം പറഞ്ഞു.

സനാതന ധർമത്തിന്റെ പേര് പറഞ്ഞ് ശ്രീനാരായണ ഗുരുവിന്റെ പേര് കൂട്ടിക്കെട്ടാൻ ശ്രമിച്ചാൽ അതിനെ എതിർക്കാൻ ശ്രീനാരായണീയർക്ക് ബാധ്യതയുണ്ട്. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംഘപരിവാർ ആശയങ്ങൾ നടപ്പാക്കാൻ ശ്രമിച്ച വ്യക്തിയാണ് മുൻ ഗവർണർ രാജേന്ദ്ര ആർലേക്കർ. ഇതിനെ മുഖ്യമന്ത്രി വി.ഡി സതീശനും ഉന്നത വിദ്യാഭ്യാസമന്ത്രി റോജി എം. ജോണും എതിർക്കാതിരുന്നത് ബി.ജെ.പി ഡീലിന്റെ ഭാഗമായാണെന്നും അദ്ദേഹം പറഞ്ഞു.

കട്ടിലിനുള്ളിലെ രഹസ്യ അറയിൽ 47 ലിറ്റർ മദ്യം; വിൽപ്പനക്കാരൻ പിടിയിൽ



● വിനീഷ്

ഹരിപ്പാട്: വിൽപ്പനയ്ക്കായി വീട്ടിൽ സൂക്ഷിച്ചിരുന്ന 47 ലിറ്റർ ഇന്ത്യൻ നിർമിത വിദേശമദ്യവുമായി യുവാവ് പിടിയിൽ. പുല്ലുകുളങ്ങര അനീഷ് ഭവനത്തിൽ വിനീഷ് (41)നെയാണ് (തീക്കട്ട വിനീഷ്) ഹരിപ്പാട് എക്സൈസ് സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിലുള്ള സംഘം പിടികൂടിയത്.

രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ അനീഷിന്റെ വീട്ടിലെ കിടപ്പുമുറിയിലെ കട്ടിലിനുള്ളിലെ രഹസ്യ അറയിൽ നിന്നാണ് മദ്യം പിടിച്ചെടുത്തത്.

ദീർഘകാലമായി ഇയാൾ മദ്യവിൽപ്പന നടത്തിവരികയായിരുന്നുവെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. നേരത്തെയും പലതവണ പരിശോധന നടത്തിയിരുന്നെങ്കിലും മദ്യം കണ്ടെത്താനായിരുന്നില്ല.എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എം. മഹേഷിന്റെ നിർദ്ദേശപ്രകാരം പ്രിവന്റീവ് ഓഫീസർ ടോണി ടി, സിവിൽ എക്സൈസ് ഓഫീസർമാരായ എം. ഷഹീബ്, സുരേഷ് ആർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ ആര്യ ദേവി എം.വി എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇയാളെ പിടികൂടിയത്. പ്രതിയെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

പരുമലയിൽ ഇന്ന്

മാന്നാർ: പരുമല തിരുമേനിയുടെ ഓർമ്മപെരുന്നാൾ രാവിലെ ഏഴിന് ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ മൂന്നിയേൽകുർബ്ബാന.10ന് അഖില മലങ്കര മർത്തമറിയം വനിതാ സമാജം സമ്മേളനം ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത അധ്യക്ഷതവഹിക്കും.

ഡോ. മറിയ ഉമ്മൻ മുഖ്യ പ്രഭാഷണം നടത്തും. ഉച്ചക്ഴിഞ്ഞ് 2.30 ന് വിവാഹ ധനസഹായ വിതരണം. ബസേലി യോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യും. അഡ്വ. ഫ്രാൻസിസ് ജോർജ് എം.പി. മുഖ്യ സന്ദേശം നൽകും. യൂഹാനോൻ മാർ പോളിക്കാർപ്പസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിക്കും.വൈകിട്ട് ആറിന് സന്ധ്യാനമസ്കാരവും, കബറിങ്കൽ ധൂപപ്രാർഥനയും.

പുന്നപ്ര-വയലാർ വാരാചരണ സമാപനം

രണസ്മരണകൾ ജ്വലിച്ചു; നാടുണർത്തി ദീപശിഖ

ആലപ്പുഴ/ചേർത്തല: ഏഴു ദിനങ്ങൾ നിണമുന്നിന്ന 80-ാമത് പുന്നപ്ര-വയലാർ രക്തസാക്ഷി വാരാചരണത്തിന് ഇന്നലെ സമാപനമായി.

ഇന്നലെ രാവിലെ രക്തസാക്ഷികളുടെ രണസ്മരണകൾ നെഞ്ചിലേറ്റി, വിപ്ലവവീര്യത്തിന്റെ ജ്വാല പടർത്തി, പുന്നപ്രവയലാർ സമരഭൂമിയുടെ പോരാട്ടവീര്യം ആവാഹിച്ച് ദീപശിഖാ പ്രയാണം നാടിനെ ഇളക്കിമറിച്ചു. വലിയചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽ ആയിരങ്ങളുടെ ആവേശം മുറ്റിയ മുദ്രാവാക്യങ്ങളുടെ അകമ്പടിയോടെ സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ ദീപം പകർന്നു. അഭിവാദ്യം പ്രതാപൻ ഏറ്റുവാങ്ങി പ്രയാണമാരംഭിച്ചു.



● പുന്നപ്ര വയലാർ 80-ാം വാർഷിക വാരാചരണത്തോടനുബന്ധിച്ചുള്ള ദീപശിഖ പ്രയാണത്തിന് സി.പി.എം. സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ ദീപം കൊളുത്തുന്നു.

വലിയചുടുകാടിൽ നടന്ന ചടങ്ങിൽ സി.പി.എം കേന്ദ്ര കമ്മിറ്റിയംഗങ്ങളായ ടി.എം തോമസ് ഐസക്ക്, സി.എസ് സുജാത, സംസ്ഥാന സെക്രട്ടറിയറ്റ് അംഗം സജി ചെറിയാൻ, സംസ്ഥാന കമ്മിറ്റി അംഗം കെ. പ്രസാദ്, ജില്ലാ സെക്രട്ടറി ആർ. നാസർ, കൺട്രോൾ കമ്മിഷൻ ചെയർമാൻ കെ.എച്ച് ബാബുജാൻ, സി.പി.ഐ ദേശീയ കൗൺസിൽ അംഗം പി. പ്രസാദ്, ടി.ജെ അഞ്ചലോസ്, ജില്ലാ സെക്രട്ടറി എസ്. സോളമൻ, വാരാചരണ കമ്മിറ്റി പ്രസിഡന്റ് പി.പി ചിത്തരഞ്ജൻ, സെക്രട്ടറി ആർ. സുരേഷ്, നേതാക്കളായ എച്ച്. സലാം, എ.എം ആരിഫ്, ജി. ഹരിശങ്കർ, കെ.ജി രാജേശ്വരി, എ. മഹേന്ദ്രൻ, എം. സത്യപാലൻ, കെ.ആർ ഭഗീരഥൻ, മനു സി. പുലിക്കൽ, സി.എ അരുൺകുമാർ, പി.വി സത്യനേശൻ, പി.പി പവനൻ, എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് എം.എ ശിവപ്രസാദ് എന്നിവർ പങ്കെടുത്തു.

കൈചൂണ്ടിയിൽ ജനാർദനന്റെ രക്തസാക്ഷിമണ്ഡപത്തിലും മാരാരിക്കുളം രക്തസാക്ഷിമണ്ഡപത്തിലും ദീപം പകർന്നശേഷം പകൽ 12.15 ഓടെ പ്രയാണം വയലാർ രണഭൂമിയിലെത്തി.

രണസ്മരണ പുതുക്കി ആയിരങ്ങളാണ് വയലാർ രക്ത സാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയത്. രാവിലെ മുതൽ ചെറുപ്രകടനങ്ങളായി നാടിന്റെ നാനാ ഭാഗങ്ങളിൽ നിന്നുള്ള പ്രവർത്തകർ വയലാറിലേക്ക് ഒഴുകി.

വിവിധ കേന്ദ്രങ്ങളിലെ സ്വീകരണങ്ങൾക്കു ശേഷം അത്‌ലറ്റുകൾ പ്രയാണമായി വയലാറിൽ എത്തിപ്പോൾ രക്തസാക്ഷി മണ്ഡപത്തിൽ കാത്തുനിന്ന ആയിരങ്ങൾ ചേർന്നു സ്വീകരിച്ചു. വാരാചരണ കമ്മിറ്റി പ്രസിഡന്റ് എം.സി. സിദ്ധാർത്ഥൻ ദീപശിഖകൾ ഏറ്റുവാങ്ങി. മണ്ഡപത്തിൽ സ്ഥാപിച്ചു. പുലർച്ചെ മുതൽ വിവിധയിടങ്ങളിൽ നിന്നും വയലാറിലേക്കു നിരവധി പ്രകടന ങ്ങളാണെത്തിയത്. നേതാക്കളായ തോമസ് ഐസക്ക്, സജി ചെറിയാൻ ,ടി.ജെ. ആഞ്ചലോസ്, സി.എസ്. സുജാത, ആർ. നാസർ, പി. പ്രസാദ്, സി. ബി. ചന്ദ്രബാബു, എസ്. സോളമൻ, ടി.ടി. ജിസ്മോൻ, മനു സി പുലിക്കൽ, എസ്.എഫ്.ഐ സംസ്ഥാന പ്രസിഡന്റ് എം. ശിവപ്രസാദ്, കെ. പ്രസാദ്, എം.കെ. ഉത്തമൻ, എ.എം.ആരിഫ്, എൻ. എസ്. ശിവപ്രസാദ്, കെ.ഉമാകാക്ഷൻ, എ. മഹേന്ദ്രൻ, എൻ.പി. ശിബു, എം.എസ്. അരുൺകുമാർ, ബി. വിനോദ് തുടങ്ങിയ നേതാക്കൾ നേതൃത്വം നൽകി.

വയലാർ രാമവർമ്മ അനുസ്മരണ സമ്മേളനത്തിൽ വി ദ്വാൻ കെ. രാമകൃഷ്ണൻ അധ്യക്ഷത വഹിച്ചു.

അശോകൻ ചരുവിൽ, ആലങ്കോട് ലീലാകൃഷ്ണൻ,ഡോ. സുജാസൂസൻ ജോർജ്, ഒ.കെ.മുരളി കൃഷ്ണൻ, എം.കെ. ഉത്തമൻ എന്നിവർ പ്രസംഗിച്ചു. വൈകിട്ടു നടന്ന പൊതു സമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ സി.പി.ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം തുടങ്ങിയവർ പ്രസംഗിച്ചു.



● പുന്നപ്ര-വയലാർ രക്തസാക്ഷി വാരാചരണത്തിന്റെ സമാപന സമ്മേളനത്തോടനുബന്ധിച്ച് വയലാർ രക്തസാക്ഷി മണ്ഡപത്തിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അഭിവാദ്യം ചെയ്യുന്നു.



● പുന്നപ്ര വയലാർ രക്തസാക്ഷി വാരാചരണത്തിന്റെ ഭാഗമായി എത്തിച്ച ദീപശിഖ വാരാചരണ കമ്മിറ്റി പ്രസിഡന്റ് എം.സി. സിദ്ധാർത്ഥൻ വയലാർ രക്തസാക്ഷി മണ്ഡപത്തിൽ സ്ഥാപിക്കുന്നു.

പാണ്ടനാട് ഗ്രാമപഞ്ചായത്ത്

പാണ്ടനാട് പി.ഒ., ചെങ്ങന്നൂർ–689506

ഫോൺ: 0479–2464287

നമ്പർ - 02/T/AE/LID&EW/PND/2026-27 തീയതി: 27.03.2026

ഇടെണ്ടർ

2026–27 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നിർവഹണം നടത്തുന്ന പദ്ധതികൾക്ക് ഇടെണ്ടർ ക്ഷണിക്കുന്നു. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ www.tender.lsgkerala.gov.in, www.etenders.kerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. (Window No. G285875/2026).

(ഒപ്പ്) അസിസ്റ്റന്റ് എൻജിനീയർ

എൽ.ഐ.ഡി. ആൻഡ് ഇ.ഡബ്ല്യു സെക്ഷൻ, പാണ്ടനാട്

ഗ്രിഗോറിയൻ പ്രഭാഷണ പരമ്പര

മാന്നാർ: പരുമല അഭിപ്പുരയിൽ ഗ്രിഗോറിയൻ പ്രഭാഷണ പരമ്പര ഇടുക്കി ഭദ്രാസനാധിപൻ സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ആത്മത്യാഗിയായ പരുമല തിരുമേനി ആത്മവിശുദ്ധിയുടെ പ്രകാശഗോപുരമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. കോട്ടയം വൈദിക സെമിനാരി പ്രിൻസിപ്പൽ ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ അധ്യക്ഷത വഹിച്ചു. അഡ്വ. മാത്യു കുഴൽനാടൻ എം.എൽ.എ. മുഖ്യ പ്രഭാഷണം നടത്തി. അസോസിയേഷൻ സെക്രട്ടറി അഡ്വ.ബിജു ഉമ്മൻ, പരുമല സെമിനാരി മാനേജർ യാക്കോബ് തോമസ് റമ്പാൻ, ഫാ.ജെ.മാത്യുക്കുട്ടി, മമ്മായി ടി. വർഗീസ് എന്നിവർ പ്രസംഗിച്ചു.

Chola Enter a better life

CHOLAMANDALAM INVESTMENT AND FINANCE COMPANY LIMITED

Corporate Office : Chola Crest, C54 & 55, Super B-4, Thiru Vi Ka Industrial Estate, Guindy, Chennai - 600032, T.N.

ഇ–ലേല വിൽപ്പന അറിയിപ്പ് (വിൽപ്പന ഇ–ബിഡ്ഡിംഗ് വഴി മാത്രം)

SALE NOTICE OF IMMOVABLE SECURED ASSETS ISSUED UNDER RULE 8(6) AND 9(1) OF THE SECURITY INTEREST (ENFORCEMENT) RULES 2002.

Sr. No.	[A]	[B]	[C]	[D]	[E & F]	[G]
1	Loan A/c. No(s). : HL05ALL000068816	Rs. 20,87,908/-				16-11-2026

ചോള മണ്ഡലം ഇൻവെസ്റ്റ്മെന്റ് ആൻഡ് ഫിനാൻസ് കമ്പനി ലിമിറ്റഡിനായി

അംഗീകൃത ഉദ്യോഗസ്ഥൻ

തീയതി: 27.10.2026

സ്ഥലം: ആലുവ, കേരളം

IndusInd Bank

INDUSIND BANK LTD

Financial Restructuring & Reconstruction Group

Gowrinarayana, 1st Floor, M G Road,

Opp Jayalakshmi Silks, Cochin-682 035.

ഇ–ലേല വിൽപ്പന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റ്രസ്റ്റ് ആക്ട് 2002 വകുപ് പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ– ലേല വിൽപന നോട്ടീസ്.

വായ്പക്കാരുടെ /ജാമ്യക്കാരുടെ പേര്	കുടിശിക	പൊസഷൻ തീയതി
1. M/s. ജോസ് എന്റർപ്രൈസസ് തെ പ്രതിനിധികളിച്ച് പ്രൊപ്രൈറ്റർ ശ്രീ. ജോജോൺ ടി, നം. 28/55A, ഗ്രൗണ് ഫ്ലോർ, പാലിയത്ത് ബിൽഡിംഗ്, പഴാപള്ളി റോഡ്, 1 സിറ്റിസ്റ്റ് ശ്രീകാന്ത് റോഡ്, കൊച്ചു കടവന്ത്ര, കടവന്ത്ര പി ഒ, 682020. 2. ശ്രീ. ജോജോൺ ജോസഫ്, S/o ജോസഫ് മേളന്താ, മേളന്താ ഹൗസ്, ഞണ്ടുപാ പി ഒ, തൈക്കൂട്ടുശ്ശേരി, ആലപ്പുഴ - 688526. 3) ശ്രീമതി. റാണി തി എ W/o ജോജോൺ ജോസഫ്, മേളന്താ ഹൗസ്, ഞണ്ടുപാ പി ഒ, തൈക്കൂട്ടുശ്ശേരി, ആലപ്പുഴ - 688526.	30.09.2026ലെ കുടിശിക Rs. 2,18,16,692.53 (രണ്ട് കോടി പതിനെട്ട് ലക്ഷത്തി പതിനാറിനായിരത്തി അറുനൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ അമ്പത്തിമൂന്ന് പൈസ)	15.01.2025
വസ്തുവിന്റെ വിലയിരുത്തൽ	കരുതൽ വില	ഇഎംഡി തുക
പ്രൊപ്പർട്ടി നം. 1 – 10.03.2008ലെ സെയിൽ ഡീഡ് നമ്പർ 684/2003 ശ്രീ. ജോജോൺ ജോസഫ്, S/o ശ്രീ ജോസഫ് മേളന്താ ന്റെ പേരിലുള്ള ന്റെ ആകമുഴുവൻ കിടപ്പിന്റെ വിഭാഗത്തിലെ തൈക്കൂട്ടുശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 32/10B/1 (1.53 ആർ) & സർവ്വേ നമ്പർ 32/10A4/7 (2.23 ആർ) എന്നിവയിൽ പെട്ട 3.44 ആർ തോത് വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ മുഴുവൻ ചായ്പും നിർമ്മിതികളും പാരാഗുള്ളി നമ്പർ ജിസ്ട്രിയിലെ സെയിൽ ഡീഡ് നമ്പർ 684/2003 പ്രകാരമുള്ള വിവരിച്ചിരിക്കുന്നു. അതിരുകൾ – വടക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: പുരുഷന്റെ വസ്തുവും ഒഴുക്കേതും, കിഴക്ക്: സരോജിനി അമ്മയുടെയും പൊലിയുടെയും വസ്തു, പടിഞ്ഞാറ്: പഞ്ചായത്ത് റോഡ്. പ്രൊപ്പർട്ടി നം. 2 – 25.01.2011ലെ രജിസ്ട്രേഡ് ഡീഡ് നമ്പർ 235/2011 ശ്രീ. ജോജോൺ ജോസഫ്, S/o ശ്രീ ജോസഫ് മേളന്താ ന്റെ പേരിലുള്ള ന്റെ ഫ്ലാറ്റ് 1: ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ തൈക്കൂട്ടുശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 32/10A4 (1.21 ആർ) & സർവ്വേ നമ്പർ 32/10A4/7 (2.23 ആർ) എന്നിവയിൽ പെട്ട 3.44 ആർ തോത് വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ മുഴുവൻ ചായ്പും നിർമ്മിതികളും പാരാഗുള്ളി നമ്പർ ജിസ്ട്രിയിലെ രജിസ്ട്രേഡ് ഡീഡ് നമ്പർ 235/2011 പ്രകാരമുള്ള വിവരിച്ചിരിക്കുന്നു. അതിരുകൾ – വടക്ക്: പഞ്ചായത്ത് റോഡ്, തെക്ക്: പുരുഷന്റെ വസ്തുവും ഒഴുക്കേതും, കിഴക്ക്: സരോജിനി അമ്മയുടെയും പൊലിയുടെയും വസ്തു, പടിഞ്ഞാറ്: പഞ്ചായത്ത് റോഡ്. ഫ്ലാറ്റ് 2 : ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിലെ തൈക്കൂട്ടുശ്ശേരി വില്ലേജിലെ സർവ്വേ നമ്പർ 31/12B/2 (1.21 ആർ) & സർവ്വേ നമ്പർ 32/9 (4.45 ആർ) എന്നിവയിൽ പെട്ട 5.66 ആർ തോത് വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ മുഴുവൻ ചായ്പും നിർമ്മിതികളും പാരാഗുള്ളി നമ്പർ ജിസ്ട്രിയിലെ രജിസ്ട്രേഡ് ഡീഡ് നമ്പർ 235/2011 പ്രകാരമുള്ള വിവരിച്ചിരിക്കുന്നു. അതിരുകൾ – വടക്ക്: ഒഴിഞ്ഞേട്, തെക്ക്: ഒഴിഞ്ഞേട്, കിഴക്ക്: സരോജിനി അമ്മയുടെയും കുമാരന്റെയും വസ്തു, പടിഞ്ഞാറ്: ഒഴിഞ്ഞേട്.	Rs. 54,02,000/- (അമ്പത്തിനാല് ലക്ഷത്തി ഒന്നായിരം രൂപ)	Rs. 5,40,200/- (അഞ്ച് ലക്ഷത്തി നാല്പതിനായിരം രൂപ)
	Rs. 50,60,000/- (അമ്പത് ലക്ഷത്തി അറുപതിനായിരം രൂപ)	Rs. 5,06,000/- (അഞ്ച് ലക്ഷത്തി ആറായിരം രൂപ)

*ഇതോടൊപ്പമുള്ള എല്ലാ സ്വത്തുക്കളും, അതിന് നിർമ്മിച്ച / നിർമിക്കേണ്ട കെട്ടിടങ്ങളും ഘടനകളും, അതിനോട് അനുബന്ധിച്ചുള്ള എല്ലാ സ്ഥിര ഉപകരണങ്ങളും.

ലേലത്തിന്റെ വിശദാംശങ്ങൾ

വസ്തു പരിശോധന : 16.11.2026 between ഉച്ചയ്ക്ക് 02:00 മുതൽ to 03:00 വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി : 18.11.2026 വൈകുന്നേരം 04:00 വരെ

ഇ– ലേല തീയതി : 20.11.2026 ഉച്ചയ്ക്ക് 02:00 P.M to 03:00 വരെ (with auto extension of 5 minutes each)

കൂടുതൽ വിവരങ്ങൾക്ക്: ശ്രീ.ജുപിൽ ജോർജ്, മൊബൈൽ നമ്പർ. 9846009461 & ശ്രീ.കമൽ മിശ്ര, മൊബൈൽ നമ്പർ. 9819820760 അംഗീകൃത ഓഫീസർമാർ, ഇമെയിൽ: jufin.george@indusind.com ; mishra.kamal@indusind.com

വിൽപനയുടെ വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യം സമർപ്പിക്കുന്നതിന് മുമ്പ്, ബന്ധപ്പെട്ട പ്രൊപ്പർട്ടി ഇ- ലേലം/വിൽപന എന്നിവയെക്കുറിച്ചും മറ്റ് വിശദാംശങ്ങളെ കുറിച്ചും, സെക്യൂർഡ് ക്രെഡിറ്റേഴ്സ് വെബ്സൈറ്റിൽ നൽകിയിരിക്കുന്ന ലിങ്ക് കാണുക. https://www.indusindbank.com. ലേലക്കാർക്ക് https://www.bankeauctions.com എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ സേവന ദാതാവിനെ ബന്ധപ്പെടുകയോ ചെയ്യാം.

ലേല ദാതാവിന്റെ പേര് : M/s. സി 1 ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്

വിലാസം : നമ്പർ പ്ലോട്ട നം 6, ബിൽഡിംഗ് നമ്പർ 301, നാലാം നില, ഉജാല സിഫാർ, ഫേസ് 2, ഗുഡ്ഗാവ് ഹരിയാന 122015.

ബന്ധപ്പെടേണ്ട വ്യക്തി : ശ്രീ. പി. ശരണ് കുമാർ, കോൺടാക്ട് നമ്പർ +91 9948182222

ഇമെയിൽ വിലാസം : support@bankeauctions.com

സർഫാസി നിയമത്തിനും അതുമായി ഉണ്ടാകിയ ചട്ടങ്ങൾക്കും കീഴിലുള്ള വായ്പകൾ/ ജാമ്യക്കാർ/ പണയക്കാർ എന്നിവർക്കുള്ള നിയപരമായ 15 ദിവസത്തെ അറിയിപ്പായും ഈ നോട്ടീസ് നൽകപ്പെടും.

സ്ഥലം: കൊച്ചി, തീയതി: 26-10-2026

Sd/- അംഗീകൃത ഉദ്യോഗസ്ഥൻ, ഇൻഡസ്ഇൻഡ് ബാങ്ക് ലിമിറ്റഡ്

Scanned with OKEN Scanner